**മഹാത്മാഗാന്ധി സർവ്വകലാശാല**

126806/AC A3-1/2023/AC A 3# 11.12.2023

**പരിപത്രം**

| | |
|---|---|
| വിഷയം:- | വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്കും അധ്യാപകർക്കും വേണ്ട അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പുവരുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് അക്കാദമിക് കൗൺസിൽ യോഗത്തിൽ അവതരിപ്പിച്ച പ്രമേയം നടപ്പിലാക്കുന്നത് സംബന്ധിച്ച് :- |

സൂചന :-1) 17.05.2021 തീയതിയിലെ 71951/AC A1-2/2021/AC A 1 നമ്പർ പരിപത്രം.
2) 13.09.2023 -ന് കൂടിയ അക്കാദമിക് കൗൺസിൽ യോഗത്തിന്റെ നടപടിക്കുറുപ്പ്

വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഭിന്നശേഷി സൗഹൃദപരമാക്കികൊണ്ട് ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്കും, അദ്ധ്യാപകർക്കും പ്രത്യേക സൗകര്യങ്ങൾ ഒരുക്കുന്നതുമായി ബന്ധപ്പെട്ടുള്ള നിർദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടും ആയത് സർവ്വകലാശാലാതലത്തിൽ പ്രാവർത്തികമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടും സൂചന (1) പ്രകാരം, പരിപത്രം പുറപ്പെടുവിച്ചിരുന്നു. ആയത് നടപ്പാക്കിയിട്ടില്ലായെങ്കിൽ ഉടനടി നടപ്പാക്കേണ്ടതാണ് എന്ന് അറിയിക്കുന്നു.

ഉള്ളടക്കം :-മേൽ സൂചനകൾ

**ഷാജി കെ ജി**
**അസിസ്റ്റന്റ് രജിസ്ട്രാർ 3 (അക്കാദമിക്)**
**രജിസ്ട്രാർക്ക് വേണ്ടി**

പകർപ്പ്

1.സർവ്വകലാശാലാ പഠന വകുപ്പുകൾ/അഫിലിയേറ്റഡ് കോളേജുകൾ

2.വൈസ് ചാൻസലർ / പ്രൊ വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ

3.രജിസ്ട്രാർ/ ഫിനാൻസ് ഓഫീസർ /പരീക്ഷാ കൺട്രോളർ എന്നിവരുടെ പി.എ.മാർ

4.എ.ആർ/ഡി.ആർ./ജെ.ആർ (പരീക്ഷ / ഫിനാൻസ് / അക്കാദമിക് )

5.ഓഡിറ്റ്/അക്കൗണ്ട്സ്/ ഫിനാൻസ്/ പരീക്ഷ / അക്കാദമിക് സെക്ഷനുകൾ

6.പി.ആർ.ഒ / എൻക്വയറി/ ഐ.ക്യു.എ .സി /യൂണിവേഴ്സിറ്റി വെബ് സൈറ്റ്/ സിറ്റാഡ്/ കണ്ടെന്റ് മാനേജ്മെന്റ് സെക്ഷനുകൾ

7.റെക്കോർഡ് സെക്ഷൻ / കരുതൽ ഫയൽ / ഫയൽ കോപ്പി

Draft #2 of File 126806/AC A3-1/2023/AC A 3 Approved by ASSISTANT REGISTRAR III (ACADEMIC) on 11-Dec-2023 01:13 PM - Page 1

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

File No.126806/AC A3-1/2023/AC A 3 Approved by ASSISTANT REGISTRAR III (ACADEMIC) on 17-May-2023 01:13 PM - Page 2

**മഹാത്മാഗാന്ധി സർവ്വകലാശാല**

71951/AC A1-2/2021/AC A 1
17.05.2021

പരിപത്രം

| | |
|---|---|
| വിഷയം:- | വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്കായി പ്രത്യേക സൗകര്യങ്ങൾ ഒരുക്കുന്നതുമായി ബന്ധപ്പെട്ടുള്ള യു.ജി.സി. നിർദേശം നടപ്പിലാക്കുന്നത് സംബന്ധിച്ച് :- |

സൂചന :-1)F.No.6-2/2013(SCT) dtd.08.04.2021

വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്കായി പ്രത്യേക സൗകര്യങ്ങൾ ഒരുക്കുന്നതുമായി ബന്ധപ്പെട്ടുള്ള നിർദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടും ആയത് സർവ്വകലാശാലാതലത്തിൽ പ്രാവർത്തികമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടും യു.ജി.സി.-യിൽ നിന്നും സൂചന(1) കത്ത് ലഭിച്ചിരിക്കുന്നു. പ്രസ്തുത നിർദേശങ്ങൾ സർവ്വകലാശാലയുടെ എല്ലാ അഫിലിയേറ്റഡ് കോളേജുകളിലും, പഠന വകുപ്പുകളിലും പ്രാവർത്തികമാക്കേണ്ടതാണ്.ആയതിന്റെ കംപ്ലൈൻസ് റിപ്പോർട്ട് യു.ജി.സി യ്ക്ക് നേരിട്ടും പകർപ്പ് statunit@mgu.ac.in എന്ന മെയിൽ ഐ.ഡി യിലേക്കും ലഭ്യമാക്കേണ്ടതാണ്.

ഉള്ളടക്കം :-മേൽ സൂചന കത്തിൻറെ പകർപ്പ്

**കാഞ്ചന എൻ.നായർ**
**അസിസ്റ്റന്റ് രജിസ്ട്രാർ I (അക്കാദമിക്)**
**രജിസ്ട്രാർക്ക് വേണ്ടി**

പകർപ്പ്

1.സർവ്വകലാശാലാ പഠന വകുപ്പുകൾ/അഫിലിയേറ്റഡ് കോളേജുകൾ

2.വൈസ് ചാൻസലർ / പ്രൊ വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ

3.രജിസ്ട്രാർ/ ഫിനാൻസ് ഓഫീസർ /പരീക്ഷാ കൺട്രോളർ എന്നിവരുടെ പി.എ.മാർ

4.എ.ആർ/ഡി.ആർ./ജെ.ആർ(പരീക്ഷ / ഫിനാൻസ് / അക്കാദമിക് )

5.ഓഡിറ്റ്/അക്കൗണ്ട്സ്/ ഫിനാൻസ്/ പരീക്ഷ / അക്കാദമിക് സെക്ഷനുകൾ

6.പി.ആർ.ഒ / എൻക്വയറി/ ഐ.ക്യൂ.എ .സി /യൂണിവേഴ്സിറ്റി വെബ് സൈറ്റ് / സിറ്റാഡ് / കണ്ടെന്റ് മാനേജ്മെന്റ് സെക്ഷനുകൾ

7.റെക്കോർഡ് സെക്ഷൻ / കരുതൽ ഫയൽ / ഫയൽ കോപ്പി

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #2 of File 126806/AC A3-1/2023/AC A 3 Approved by ASSISTANT REGISTRAR III (ACADEMIC) on 11-Dec-2023 01:13 PM - Page 3

# മഹാത്മാഗാന്ധി സർവ്വകലാശാല

## 13.09.2023 ന് കൂടിയ അക്കാദമിക് കൗൺസിൽ യോഗത്തിന്റെ നടപടികുറിപ്പിന്റെ എക്സ്ട്രാറ്റ്

---

**അംഗങ്ങൾ അവതരിപ്പിക്കുന്ന പ്രമേയങ്ങൾ**

**അവതാരകൻ : ശ്രീ.റ്റോമി തോമസ്**

05. കോളേജ് ക്യാമ്പസുകൾ ഭിന്നശേഷി സൗഹൃദപരമാക്കണമെന്നും ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്കും അധ്യാപകർക്കും വേണ്ട അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പു വരുത്തണമെന്നും അഫിലിയേറ്റഡ് കോളേജുകളോട് ആവശ്യപ്പെടണമെന്ന് ഈ പ്രമേയം സർവ്വകലാശാലയോട് അഭ്യർത്ഥിക്കുന്നു.

ശ്രീ. പോൾ വി. കാരംതാനം പിന്താങ്ങുകയും പ്രമേയം സഭ അംഗീകരിക്കുകയും ചെയ്തു.

(ഒപ്പ്)
രജിസ്ട്രാർ

---

**പ്രത്യേക ശ്രദ്ധയ്ക്ക് :**

1. മേൽ ഇനം റെഗുലേഷനുമായി ബന്ധപ്പെട്ടതാണോ എന്ന് കൃത്യമായി പരിശോധിക്കേണ്ടതും റെഗുലേഷനുമായി ബന്ധപ്പെട്ടതാണെങ്കിൽ 1997- ലെ മഹാത്മാഗാന്ധി സർവകലാശാല സ്റ്റാറ്റ്യൂട്ട്സ് അദ്ധ്യായം 39 -ലെ ചട്ടം 3 അനുശാസിക്കുന്ന പ്രകാരമുള്ള നടപടിക്രമങ്ങൾ കൂടി പൂർത്തീകരിച്ചിട്ടുണ്ടെന്ന് സെക്ഷൻ ഓഫീസർ ഉറപ്പുവരുത്തേണ്ടതാണ്

2. മേൽ വിഷയം റെഗുലേഷനുമായി ബന്ധപ്പെട്ടതല്ലെങ്കിൽ തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

3. തീരുമാനപ്രകാരം ഉത്തരവിറക്കുന്നതും അതിനുശേഷം സ്വീകരിച്ച അനന്തര നടപടികളുടെ വിവരണവും സെക്ഷൻ ഓഫീസർ എ സി 2 സെക്ഷന് കാലതാമസം കൂടാതെ കൈമാറേണ്ടതാണ്.

4. 1985 - ലെ മഹാത്മാഗാന്ധി സർവകലാശാല നിയമം അദ്ധ്യായം V വകുപ്പ് 42 അനുശാസിക്കുന്ന പ്രകാരമുള്ള എല്ലാ ഇനങ്ങളും കേരള ഗസറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സെക്ഷൻ ഓഫീസർ സ്വീകരിക്കേണ്ടതാണ്.

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം